LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) മലമ്പുഴ മാതൃകയിൽ കാരാപ്പുഴ, കുറ്റ്യാടി, മലങ്കര, പേപ്പാറ തുടങ്ങിയ ഡാം സൈറ്റുകളെ ടൂറിസ്റ്റ് ആകർഷക കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മോടി പിടിപ്പിക്കുന്നതിനും 2012-13 ബഡ്ജറ്റിൽ ആയിരം രൂപ വകയിരുത്തിയിരുന്നു, തുടർന്ന് അതേ വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 150-ാം ഖണ്ഡികയിൽ കാരാപ്പുഴ, കുറ്റ്യാടി, മലങ്കര, പെരിയാർവാലി, ചമ്രവട്ടം എന്നീ പദ്ധതി പ്രദേശങ്ങളിൽ മലമ്പുഴ ഡാമിൽ നടപ്പാക്കിയതിനു സമാനമായ വിനോദ സഞ്ചാര വികസനത്തിനായി 1 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി പ്രഖ്യാപിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് 28/12/2012-ാം തീയതിലെ G.O(Rt)No.1507/2012/WRD ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയുണ്ടായി. ഇതിൽ അനുവദിച്ച തുക ഇപ്രകാരമാണ്.

മലങ്കര ഡാം	-	32,30,000
കാരാപ്പുഴ ഡാം	-	6,25,000
കുറ്റ്യാടി ഡാം	-	15,00,000
പേപ്പാറ ഡാം	-	വകയിരുത്തിയിട്ടില്ല.

നിലവിൽ പദ്ധതികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി

198 (887) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2012-13 ബഡ്ജറ്റിൽ തുക നീക്കിവച്ചിരുന്നോ; എങ്കിൽ എത്ര തുകയാണെന്നും സർക്കാർ ഖജനാവിൽ നിന്നും ഇതിനായി എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(സി) 2012-13 മുതൽ തുടർന്നുള്ള വർഷങ്ങളിൽ ഓരോ ബഡ്ജറ്റിലും ഇതിനായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ) മീനച്ചിൽ നദീതടപദ്ധതി നടപ്പാക്കുന്നതിന് കേരള സർക്കാർ ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 16-12-2012-ൽ ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഇല്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായുള്ള പര്യവേഷണ പ്രവർത്തികൾ മാത്രമേ ഈ കാലയളവിൽ നടത്തിയിരുന്നുള്ളൂ. ഇതിനാവശ്യമായ ഫണ്ട് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ ഇൻവെസ്റ്റിഗേഷൻ ഹെഡിൽ നിന്നുമാണ് ചെലവഴിച്ചത്. പര്യവേഷണ പ്രവർത്തികൾക്കായി 2012-13 വർഷം 14 ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ ഹെഡിൽനിന്നും ചെലവഴിച്ചു. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 2012-13 വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ

199 (888) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വടക്കാഞ്ചേരി സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സ്ലൂയിസ് കം ട്രാക്കർ ക്രോസിങ്ങ് പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സ്ലൂയിസ് കം ട്രാക്കർ ക്രോസിങ്ങ് പാലം എന്ന പ്രവൃത്തി തലപ്പിള്ളി പാക്കേജ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തു. എന്നാൽ ഒരു ദർഘാസ് മാത്രം ലഭിച്ചതിനാൽ പുനർ ദർഘാസിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly